(സി) ഇത്തരം വിദ്യാലയങ്ങളിൽ തൊഴിൽ വകുപ്പ് പരിശോധന നടത്താറുണ്ടോ ; എങ്കിൽ അതിന്റെ വിശദവിവരം നൽകുമോ ;

(ഡി) വിവിധ സിലബസ്സിലുള്ള സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള ഉപാധികളിൽ വേതന ഘടന നിർബന്ധിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ അൺ-എയ്ഡഡ് മേഖലയിലെ അദ്ധ്യാപകർക്ക് മാന്യമായ വേതനം ലഭിക്കുന്നില്ലെന്നകാര്യം പരിശോധിച്ചിട്ടുണ്ടെങ്കിലും ടി ജീവനക്കാർ 1947-ലെ തൊഴിൽത്തർക്ക നിയമപ്രകാരം 'വർക്ക്മെൻ' എന്ന ഗണത്തിലോ 1948-ലെ മിനിമം വേതന നിയമം വകുപ്പ് (2) പ്രകാരം 'എംപ്ലോയി' എന്ന നിർവ്വചനത്തിലോ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ തൊഴിൽ വകുപ്പിന് ഇക്കാര്യത്തിൽ ഇടപെടാൻ കഴിയുന്നില്ല.

(ബി) സംസ്ഥാനത്തെ അൺ-എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് മിനിമം വേതനം നടപ്പിലാക്കുന്നതിനായി 'The Kerala Payment of Minimum Wages to Teachers of Unaided Educational Institutions Bill, 2014'-ന്റെ സാധുത ഇപ്പോൾ പൊതുവിദ്യാഭ്യാസവകുപ്പും നിയമവകുപ്പും സംയുക്തമായി പരിശോധിച്ചുവരുന്നു.

(സി) സംസ്ഥാന വ്യാപകമായി 2014 കാലയളവിൽ 134 അൺ-എയ്ഡഡ് സ്കൂളുകളിൽ പരിശോധന നടത്തുകയും ടി സ്ഥാപനങ്ങളിലെ അനദ്ധ്യാപകരുടെ മിനിമം വേതനം, അവധി, ജോലി സുരക്ഷ മുതലായവ നൽകുന്നതിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയിട്ടുള്ള മൂന്ന് സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷനും നാല് സ്ഥാപനങ്ങൾക്കെതിരെ ക്ലെയിം പെറ്റീഷനും ഫയൽ ചെയ്യുന്നതുൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അധികാര പരിധിയിൽ വരുന്ന വിഷയമാണ്.

ഒറ്റപ്പാലം കരിമ്പുഴയിൽ ഐ.റ്റി.ഐ.

265 (930) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലത്തെ കരിമ്പുഴയിൽ ഒരു ഐ.റ്റി.ഐ. തുടങ്ങുന്നതിനായുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ഐ.റ്റി.ഐ.-യ്ക്ക് സ്ഥലം ലഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി ലഭ്യമാക്കാമോ ;

(സി) എന്നത്തേക്ക് ഐ.റ്റി.ഐ. ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിൽപ്പെട്ട എലൂമ്പുലാശ്ശേരിയിൽ പുതിയ ഐ.റ്റി.ഐ. ആരംഭിക്കുന്നതിനായി കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്ട് വക കരിമ്പുഴ-2 വില്ലേജിൽ സർവ്വെ ബ്ലോക്ക് 674 ഫീൽഡ് നം.139, 140, 156, 157, 158, 159 എന്നിവയിൽപ്പെട്ട കനാലിന്റെ ആരംഭത്തിൽ നിന്നുള്ള 132 മീറ്ററിനുശേഷമുള്ള സ്ഥലത്തുനിന്നും നാല് ഏക്കർ സ്ഥലം നിലവിലെ ലീസ് എഗ്രിമെന്റ് പ്രകാരമുള്ള നിബന്ധനകൾക്കുവിധേയമായി അനുവദിക്കാമെന്ന് ഇറിഗേഷൻ ചീഫ് എഞ്ചിനീയർ ജലവിഭവ വകുപ്പിനെ അറിയിച്ചിട്ടുണ്ട്. സ്ഥലം വ്യാവസായിക പരിശീലന വകുപ്പിന് ലഭ്യമായിട്ടില്ല. സ്ഥലം വ്യാവസായിക പരിശീലന വകുപ്പിന് സൗജന്യമായി ലഭ്യമാകുന്നമുറയ്ക്ക് ഐ.റ്റി.ഐ. ആരംഭിക്കുന്നകാര്യം പരിഗണിക്കാവുന്നതാണ്.

സർക്കാർ ഐ.ടി.ഐ.-കളിൽ പുതിയ കോഴ്സുകൾ

266 (931) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐ.-കളിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ; ഈ വർഷം ഏതെല്ലാം ഐ.ടി.ഐ. കളിലാണ് പുതിയ കോഴ്സുകൾ തുടങ്ങിയിരിക്കുന്നത് ;

(ബി) സർക്കാർ ഐ.ടി.ഐ.കളിലെ കോഴ്സുകളുടെ പാഠ്യപദ്ധതി പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം കോഴ്സുകളുടെ പാഠ്യപദ്ധതിയാണ് പരിഷ്കരിക്കുന്നത് ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇരുപതോളം ട്രേഡുകൾ 2015 വിദ്യാഭ്യാസ വർഷംമുതൽ ഡി.ജി.ഇ. & റ്റി. നിർത്തൽ ചെയ്യുന്നതിനാൽ സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐ.-കളിൽ

LIBRARY ARCHIVES Kerala Legislative Assembly